FRIDAY 31.05.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/05/2024

1. 2024 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിൽ കൃഷിനാശനഷ്ടമുണ്ടായ കർഷകർക്ക് AIMS പോർട്ടലിൽ അപേക്ഷിക്കാനുള്ള സമയപരിധി ജൂൺ 30 (30.06.2024) വരെ നീട്ടി കൃഷിഡയറക്ടർ ഉത്തരവിട്ടു. കർഷകർക്ക് അതാത് കൃഷിഭവനിലെ FIR (പ്രഥമ വിവര റിപ്പോർട്ട്) പ്രകാരം AIMS പോർട്ടൽ മുഖേന ഉഷ്ണതരംഗം കാരണമുണ്ടായ കൃഷിനാശനഷ്ടത്തിന് അപേക്ഷിക്കാവുന്നതാണ്.

2. സംസ്ഥാനത്ത് മഴ കനക്കുന്ന സാഹചര്യത്തിൽ കന്നുകാലി കർഷകർക്കു സഹായം നൽകുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കൺട്രോൾ റൂമുകൾ തുറന്നു. ചീഫ് വെറ്ററിനറി ഓഫീസർ കോഡിനേറ്ററായി ദ്രുതകർമസേന രൂപവത്കരിച്ചു. മൃഗങ്ങളെ മാറ്റിപ്പാർപ്പിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ക്രമീകരണമുണ്ടാക്കി. കൺട്രോൾ റൂമുകളുടെ ഫോൺ നമ്പരുകൾ ചുവടെ പറയുന്നു. തിരുവനന്തപുരം- 0471-2302643, 2330736, കൊല്ലം- 0474-2795076, പത്തനംതിട്ട -0468-2270908,ആലപ്പുഴ-0477-2252636, കോട്ടയം-0481-2564623, ഇടുക്കി-04862-221545, എറണാകുളം-0484-2351264, തൃശൂർ -0487-2424223, പാലക്കാട്- 9846077752, മലപ്പുറം -0483-2736696, 7907000922, കോഴിക്കോട് -8921344036, വയനാട് -04936 -202729, 04936 -202229, കണ്ണൂർ 0497-2700184, കാസർഗോഡ് -0499-4224624

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 12 പശുക്കളെ ജൂൺ മാസം 12 ന് (12.06.2024) രാവിലെ 11 മണിയ്ക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പശുക്കൾക്ക് രണ്ടായിരം

(2000/-) രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കോഴിമുട്ടകൾ. ഒരു ദിവസം പ്രായമായ മുട്ടകോഴി കുഞ്ഞുങ്ങൾ, നാടൻ/ അലങ്കാര കോഴിക്കുഞ്ഞുങ്ങൾ എന്നിവ വിൽക്കപ്പെടും. ബുക്കിങ്ങിനായി 0479 2452277 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് നടപ്പിലാക്കുന്ന അപകട ഇൻഷുറൻസ് പദ്ധതിയിൽ 18 നും 70 നും ഇടയിൽ പ്രായമുള്ള മത്സ്യത്തൊഴിലാളികൾക്ക് അംഗങ്ങളാകാവാം. ഇൻഷുറൻസ് പരിരക്ഷ 10 ലക്ഷം രൂപയാണ്. അപകടമോ മരണമോ, അപകടത്തെ തുടർന്ന് സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി 10,00,000 രൂപ (ആകെ പത്ത് ലക്ഷം രൂപ) വരെ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. അപകട മരണം സംഭവിക്കുകയാണെങ്കിൽ മരണാനന്തര ചെലവിലേയ്ക്കായി അയ്യായിരം രൂപയും വിദ്യാഭ്യാസ ആവശ്യത്തിന് 25 വയസ്സിന് താഴെ പ്രായമുള്ള മക്കൾക്ക് ഒറ്റത്തവണത്തേയ്ക്ക് ഒരു ലക്ഷം രൂപ വരെയും ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളിൽ 509 രൂപ പ്രീമിയം നൽകി ഇന്നു (മെയ് 31) വരെ ഇൻഷുറൻസിൽ അംഗങ്ങളാകാം. കൂടുതൽ വിവരങ്ങൾക്ക് മത്സ്യഫെഡ് ജില്ലാ ഓഫീസുമായോ, ക്ലസ്റ്റർ പ്രൊജക്ട് ഓഫീസുമായോ ബന്ധപ്പെടാം. ബന്ധപ്പെടേണ്ട ഫോൺ നമ്പർ:9526041192, 9526041361, 9526041314, 9526041321.

6. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അഞ്ച് ആഴ്ച പ്രായമായ BV380 കോഴി കുഞ്ഞുങ്ങൾ വിൽപനക്കയ്ക്കു ലഭ്യമാണ്. കുഞ്ഞൊന്നിന് വില 160 രൂപ. കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെയുള്ള സമയങ്ങളിൽ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി എന്ന വിഷയത്തിൽ ജൂൺ 7 ന് രാവിലെ 10 മണി മുതൽ 4.00 മണി വരെ ഒരു ദേശീയ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9894244344, 9080153435 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**മൃഗസംരക്ഷണ നിർദ്ദേശങ്ങൾ**

ആടുകളെ ബാധിക്കുന്ന അപര്യാപ്തതാ രോഗങ്ങളിൽ ഏറ്റവും പ്രധാനമായ പെം (PEM) എന്ന ചുരുക്ക രൂപത്തിലറിയപ്പെടുന്ന പോളിയോ എൻസഫലോ മലേഷ്യ എന്ന രോഗം. ആടുകളിലെ പോളിയോ എന്നും ഈ രോഗം അറിയപ്പെടുന്നു. ആടുവാതം എന്ന പേരിലാണ് കർഷകർക്കിടയിൽ ഈ രോഗം അറിയപ്പെടുന്നത്. നല്ല ആരോഗ്യമുള്ള ആടുകളിൽ പെട്ടെന്ന് കൈകാലുകളുടെ ബലം കുറഞ്ഞ് വേച്ച് വേച്ച് നടക്കുക, നടക്കുന്നതിനിടെ നില തെറ്റി വീണ് തറയിൽ കൈകാലുകളിട്ടടിച്ച് പിടയൽ, കുഴഞ്ഞ് വീണ് ഒരു വശം തളർന്ന് കിടപ്പിലാവൽ ഉൾപ്പെടെയാണ് രോഗലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപെട്ടാൽ കൃത്യമായ രോഗ നിർണ്ണയത്തിനും ചികിത്സകൾക്കുമായി ഉടനടി വിദഗ്ദ്ധ ഡോക്ടറുടെ സേവനം തേടണം. കൃത്യമായ ചികിത്സകൾ നൽകിയാൽ 2-3 മണിക്കൂറുകൾക്കുള്ളിൽ ആടുകൾ പൂർണ്ണാരോഗ്യം വീണ്ടെടുക്കും.

മൂന്നുമാസം വരെ പ്രായമുള്ള ആട്ടിൻകുട്ടികൾക്ക് തയാമിൻ അടങ്ങിയ ഗ്രേവിപ്ലക്സ്, പോളിബയോൺ, സിങ്കോവിറ്റ് തുടങ്ങിയ ജീവക മിശ്രിതങ്ങൾ നൽകുന്നത് ഫലപ്രദമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്ലാവില അധികമായി നിത്യവും ആടുകൾക്ക് നൽകുന്നതും പലപ്പോഴും ഈ രോഗത്തിന് കാരണമാവാറുണ്ട്. പ്ലാവിലക്കൊപ്പം പരുഷാഹാരമായി മറ്റു വൃക്ഷ ഇലകളും തീറ്റപ്പുല്ലും ഉൾപ്പെടുത്താൻ കർഷകർ ശ്രദ്ധിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം